LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾ

48 (51) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിമൂലം തൊഴിൽ നഷ്ടപ്പെട്ട് വിദേശ രാജ്യങ്ങളിൽനിന്നും തിരിച്ചെത്തിയ പ്രവാസി മലയാളികളെ സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ?

കോവിഡ് ജാഗ്രത പോർട്ടൽ പ്രകാരം 1021503 പ്രവാസികൾ കോവിഡ് മഹാമാരിമൂലം വിദേശ രാജ്യങ്ങളിൽനിന്നും തിരികെയെത്തിയിട്ടുണ്ട്.

(ബി) ഇപ്രകാരം തൊഴിൽ നഷ്ടപ്പെട്ട പ്രവാസി മലയാളികൾക്ക് ധനസഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

2020 ജനുവരി ഒന്ന് മുതൽ 2020 മേയ് 5 വരെ വിദേശ രാജ്യങ്ങളിൽ നിന്നും valid passport, valid job visa എന്നിവയുമായി നാട്ടിൽ തിരിച്ചെത്തി ലോക്ഡൗൺ കാരണം തൊഴിലിടങ്ങളിലേയ്ക്ക് തിരികെ പോകാൻ കഴിയാത്തവർക്ക് 5,000 രൂപ വീതം അടിയന്തര ധനസഹായം നൽകിയിരുന്നു. ഇതു കൂടാതെ കോവിഡ് ബാധിച്ച പ്രവാസികൾക്ക് നോർക്ക റൂട്ട്സ് മുഖേനയും, പ്രവാസി ക്ഷേമനിധി ബോർഡിന്റെ അംഗത്വമുള്ളവർക്ക് പ്രവാസി ക്ഷേമനിധി ബോർഡ് മുഖേനയും 10,000 രൂപ വീതം ധനസഹായം അനുവദിച്ചിരുന്നു.

(സി) കോവിഡ്-19 മൂലം വിദേശ രാജ്യങ്ങളിൽ കുടുങ്ങിക്കിടക്കുന്ന മലയാളികളെ നാട്ടിൽ തിരിച്ചെത്തിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

വിദേശ രാജ്യങ്ങളിൽ കുടുങ്ങിക്കിടന്ന പ്രവാസികളെ നാട്ടിലെത്തിക്കുന്നതിന് 26-04-2020-ന് നോർക്ക രജിസ്ട്രേഷൻ ആരംഭിച്ചിരുന്നു. രജിസ്റ്റർ ചെയ്ത പ്രവാസികളുടെ വിവരങ്ങൾ വിദേശകാര്യ മന്ത്രാലയത്തിന് കൈമാറുകയും ഇവരെ പ്രത്യേകം വിമാനങ്ങൾ സജ്ജമാക്കി അതത് രാജ്യങ്ങളിൽനിന്ന് കേരളത്തിലെ 4 എയർപോർട്ടുകളിലായി എത്തിക്കാൻ വേണ്ട ഫലപ്രദമായ ഇടപെടലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയ പ്രവാസി മലയാളികൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിനുവേണ്ടി ധനസഹായം/ വായ്പ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് നിലവിലുള്ള പദ്ധതിയായ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) വിപുലീകരിച്ചു. സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും നൽകിവരുന്നു.

ലോകകേരള സഭ സമ്മേളനം

49 (52) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജനുവരിയിൽ തിരുവനന്തപുരത്ത് നടത്തിയ ലോകകേരള സഭയുടെ പ്രധാന ശിപാർശകളും തീരുമാനങ്ങളും എന്തൊക്കെയാണ്?

2020-ൽ നടന്ന ലോകകേരള സഭയുടെ ശിപാർശകൾ അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത ശിപാർശകളിന്മേൽ തീരുമാനം കൈക്കൊള്ളേണ്ടത് ലോകകേരള സഭ സെക്രട്ടേറിയറ്റ് നിർദ്ദേശപ്രകാരം ബന്ധപ്പെട്ട വകുപ്പുകളാണ്.

(ബി) പ്രസ്തുത ശിപാർശകളിൽ ഏതൊക്കെ ഇതിനകം നടപ്പിലാക്കി?

പ്രവാസികൾക്ക് മെഡിക്കൽ ഇൻഷ്വറൻസ് ആരംഭിക്കണം എന്ന ശിപാർശ പ്രവാസി രക്ഷ ഇൻഷ്വറൻസ് പോളിസി എന്ന പേരിൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത ലോകകേരള സഭാ സമ്മേളനത്തിനായി ആകെ എത്ര തുക ചെലവഴിച്ചു ; ഇനം തിരിച്ച് വിശദാംശം നൽകുമോ?

2020 ലോക കേരള സഭയ്ക്കായി 1,21,68,733 രൂപ (ഒരു കോടി ഇരുപത്തി ഒന്ന് ലക്ഷത്തി അറുപത്തിയെണ്ണായിരത്തി എഴുന്നൂറ്റി മുപ്പത്തി മൂന്ന് രൂപ മാത്രം) ചെലവഴിച്ചു. ഇനം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പുതിയ കുടുംബകോടതികൾ

50 (53) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 11-2-2020-ലെ G.O.(Ms)No.38/2021/Home പ്രകാരം സംസ്ഥാനത്ത് അഞ്ച് കുടുംബകോടതികൾ ആരംഭിക്കുന്നതിന് സർക്കാർ തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതുപ്രകാരം സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.